# CAREER Updates
# പത്രവൃത്താന്തം
11.10.2024 (വെള്ളി)




- ⇨ 2024-ലെ സമാധാന നൊബേൽ പുരസ്കാരത്തിന് അർഹമായ ജാപ്പനീസ് സംഘടന
- ✔ നിഹോങ് ഹിഡാൻക്യോ
- 💧 ജപ്പാനിലെ ഹിരോഷിമ, നാഗസാക്കി അണുബോംബ് സ്ഫോടനങ്ങൾ അതിജീവിച്ചവരുടെ സംഘടനയാണ് നിഹോങ് ഹിഡാൻക്യോ. ഹിബാക്കുഷ എന്നുമിവർ അറിയപ്പെടുന്നു.
- 💧 ആണവായുധങ്ങളില്ലാത്ത ലോകം സാധ്യമാക്കുക എന്നതാണ് 1956-ൽ രൂപീകൃതമായ സംഘടനയുടെ പ്രധാന ലക്ഷ്യം.

- ⇨ 2024 ഒക്ടോബറിൽ ടെന്നീസിൽ നിന്നും വിരമിക്കൽ പ്രഖ്യാപിച്ച സ്പാനിഷ് താരം
- ✔ റാഫേൽ നദാൽ
- 💧 ആകെ 22 ഗ്രാൻസ്ലാം സിംഗിൾസ് കിരീടങ്ങളാണ് നദാൽ നേടിയിട്ടുള്ളത്. കരിയർ ഗോൾഡൻ സ്ലാം നേടിയ ഏറ്റവും പ്രായം കുറഞ്ഞ പുരുഷ താരമാണ് നദാൽ. 2024-ലെ ഡേവിസ് കപ്പ് ഫൈനൽസിലാണ് നദാൽ അവസാനമായി മത്സരിക്കുന്നത്.
- ⇨ ഇ-കൊമേഴ്സ് സ്ഥാപനങ്ങളുടെ മാതൃകയിൽ ഏത് ആപ്ലിക്കേഷൻ വഴിയാണ് കുടുംബശ്രീ ഭക്ഷ്യ, ഭക്ഷ്യേതര ഉത്പന്നങ്ങൾ ഓൺലൈനായി വിൽക്കാൻ തീരുമാനിച്ചത്?
- ✔ പോക്കറ്റ് മാർട്ട്

CAREER GUIDANCE BUREAU

- ⇨ 2024 ഒക്ടോബറിൽ ചെറുകാട് സ്മാരക ട്രസ്റ്റ് ഏർപ്പെടുത്തിയ ചെറുകാട് പുരസ്കാരത്തിന് അർഹമായ കൃതി
- ✔ ഇന്ദ്രധനുസ്
- 💧 ചലച്ചിത്രതാരം ഇന്ദ്രൻസിന്റെ ആത്മകഥയാണ് 'ഇന്ദ്രധനുസ്'.
- ⇨ 2024 ഒക്ടോബറിൽ പുറത്തുവന്ന കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ മന്ത്രാലയത്തിന്റെ വാർഷിക റിപ്പോർട്ട് പ്രകാരം വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിൽ ഏറ്റവും മുന്നിലുള്ള ഇന്ത്യൻ സംസ്ഥാനം
- ✔ കേരളം
- 💧 റിപ്പോർട്ട് പ്രകാരം കേരളത്തിലെ ഗ്രാമീണ മേഖലയിൽ 6 വയസ്സിനും 18 വയസ്സിനുമിടയിലുള്ളവരിൽ ഔപചാരിക വിദ്യാഭ്യാസം നേടാത്തവർ 0.1 ശതമാനം മാത്രമാണ്.
- ⇨ 2024-ലെ ആസിയാൻ-ഇന്ത്യ ഉച്ചകോടിയിൽ ആസിയാൻ-ഇന്ത്യ ടൂറിസം വർഷമായി പ്രഖ്യാപിക്കപ്പെട്ടത്
- ✔ 2025
- ⇨ ലോകത്തിലെ 8000 മീറ്ററിലധികം ഉയരമുള്ള 14 കൊടുമുടികളും കീഴടക്കിയ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തി എന്ന റെക്കോഡ് നേടിയത്
- ✔ നിമ റിൻജി ഷെർപ്പ
- 💧 8027 മീറ്റർ ഉയരമുള്ള മൗണ്ട് ഷിഷാപാങ്മ കീഴടക്കിക്കൊണ്ടാണ് 18 വയസ്സുകാരനായ നിമ റിൻജി ഷെർപ്പ ഈ നേട്ടം കൈവരിച്ചത്.
- ⇨ ദേശീയ മാരിടൈം ഹെറിറ്റേജ് കോംപ്ലക്സ് നിലവിൽ വരുന്നതെവിടെ?
- ✔ ലോത്തൽ, ഗുജറാത്ത്
- ⇨ 2024 ഒക്ടോബറിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്കിൽസ് ഉദ്ഘാടനം ചെയ്ത നഗരം
- ✔ മുംബൈ

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999